# മഹാത്മാഗാന്ധി സർവ്വകലാശാല

## പി ജി ഏകജാലകം – അപേക്ഷകരുടെ ശ്രദ്ധക്ക്

അപേക്ഷകർ തങ്ങൾ പാസ്സായ സ്കീമിന്റെ അടിസ്ഥാനത്തിൽ, അതായത് ഗ്രേഡിംഗ് സ്കീമോ കൺവെൻഷണൽ മാർക്ക് സിസ്റ്റമോ ഏതാണ് ബാധകമായത് അതാണ് സെലക്ട് ചെയ്ത് അടിസ്ഥാന ബിരുദത്തിന്റെ ഗ്രേഡ്/മാർക്ക് രേഖപ്പെടുത്തേണ്ടത്.

ഡബിൾ മെയിൻ/ട്രിപിൾ മെയിൻ എന്നിവയിൽ ബിരുദമെടുത്തിട്ടുള്ളവർ തങ്ങൾ ഏത് വിഷയത്തിലാണോ പി ജി പ്രോഗ്രാമിനു ചേരുന്നത് അതുമായി ബന്ധപ്പെട്ട മെയിൻ/കോർ പേപ്പറിന്റെ മാർക്ക് കോർ I/മെയിൻ I എന്ന കോളത്തിൽ രേഖപ്പെടുത്തണം. തുടർന്ന് മെയിൻ II/കോർ II എന്നിവയുടെ മാർക്കും രേഖപ്പെടുത്തേണ്ടതാണ്.

ഏതെങ്കിലും അപേക്ഷകർക്ക് 02 മെയിൻ/കോർ പേപ്പറും 02 കോംപ്ലിമെന്ററി പേപ്പറും ഉണ്ടെങ്കിൽ കോംപ്ലിമെന്ററി പേപ്പറുകളുടെ സി ജി പി എ/ സി സി പി എയും ക്രെഡിറ്റും കൂട്ടികിട്ടുന്നത് കോംപ്ലിമെന്ററി II എന്ന കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

$$\frac{(\text{CGPA/CCPA of Compl I X Total credit}) + (\text{CGPA/CCPA of Compl II X Total credit})}{\text{Total Credit of Compl I} + \text{Total Credit of Compl II}}$$

ഇ ബി എഫ് സി വിഭാഗത്തിലുള്ള സീറ്റ് സംവരണം മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിക്കുന്ന വിദ്യാർത്ഥികൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ വിഭാഗത്തിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിരിക്കുന്ന ലിസ്റ്റിൽ ബി പി എൽ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.

ഗ്രേഡിംഗ് വിഭാഗത്തിൽ അപേക്ഷ സമർപ്പിക്കുന്നവർ ഓരോ പാർട്ടിന്റെയും സി ജി പി എ/ സി സി പി എരേഖപ്പെടുത്തി അതിന്റെ ക്രെഡിറ്റ് ആണ് രേഖപ്പെടുത്തേണ്ടത്.

കേരളത്തിന് പുറത്തുള്ള സർവ്വകലാശാലയിൽ നിന്നും ഡീംഡ് സർവ്വകലാശാലകളിൽ നിന്നും പാസ്സായിട്ടുള്ള വിദ്യാർത്ഥികൾ തങ്ങൾക്ക് കിട്ടിയ ഗ്രേഡ്, മാർക്ക് സിസ്റ്റത്തിലേക്ക് മാറ്റിയാണ് രേഖപ്പെടുത്തേണ്ടത്.

കേരള സർവ്വകലാശാലയിൽ നിന്നും ഗ്രേഡിംഗ് സിസ്റ്റത്തിൽ പാസ്സായ അപേക്ഷകർ ഫൗണ്ടേഷൻ കോഴ്സിന്റെ ഗ്രേഡ് നിശ്ചിത ഫോർമുലയനുസരിച്ച് ഓപ്പൺ കോഴ്സിന്റെ ഗ്രേഡിന്റെ കൂടെ കൂട്ടി എഴുതേണ്ടതാണ്.

$$\frac{\text{(CGPA/CCPA of Foundation Course X Total credit) + (CGPA/CCPA of Open Course X Total credit)}}{\text{Total Credit of Foundation Course I + Total Credit of Open Course}}$$

എസ് ഇ ബി സി വിഭാഗത്തിൽപ്പെടുന്ന ചില സമുദായങ്ങൾ ഒ ഇ സി വിഭാഗത്തിലും ഉൾപ്പെടുന്നതിനാൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണാനുകാല്യങ്ങൾ ലഭിക്കുന്നതിനായി ബന്ധപ്പെട്ട കോളങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.